# CAREER Updates

# പത്രവൃത്താന്തം

18.07.2024 (വ്യാഴം)



⇨ 2024 ജൂലൈയിൽ സൗരയൂഥത്തിന് പുറത്തുള്ള എത്ര ഗ്രഹങ്ങളെയാണ് (എക്സോപ്ലാനറ്റ്) നാസയുടെ ദൗത്യമായ ടെസ് കണ്ടെത്തിയത്?

✔ 6

- എച്ച്.ഡി.-36384 ബി, ടി.ഒ.ഐ.-198 ബി, ടി.ഒ.ഐ.-2095 ബി, ടി.ഒ.ഐ.-2095 സി, ടി.ഒ.ഐ.-4860 ബി, എം.ഡബ്ല്യു.സി.-758 സി എന്നിവയാണ് പുതുതായി കണ്ടെത്തപ്പെട്ട ആറ് ഗ്രഹങ്ങൾ. ഇവയിൽ എച്ച്.ഡി. 36384 ബി സൂര്യനേക്കാൾ 40 മടങ്ങ് വലുപ്പമുള്ള നക്ഷത്രത്തെ വലംവയ്ക്കുന്നതും വ്യാഴത്തേക്കാൾ വലുപ്പമുള്ളതുമാണ്. എം.ഡബ്ല്യു.സി.-758 സി എന്നത് രൂപീകരണം പൂർണ്ണമാകാത്ത ഗ്രഹങ്ങളായ പ്രോട്ടോപ്ലാനറ്റുകളുടെ വിഭാഗത്തിലുൾപ്പെട്ടതാണ്.
- ഈ 6 ഗ്രഹങ്ങളുടെ കണ്ടെത്തലോടെ സൗരയൂഥത്തിന് പുറത്ത് കണ്ടെത്തപ്പെട്ട ഗ്രഹങ്ങളുടെ എണ്ണം 5502 ആയി.

⇨ 2024 ജൂലൈയിൽ ഉയരം കുറഞ്ഞ വനിതകൾക്കായുള്ള സൗന്ദര്യ മത്സരമായ മിസ്സ് യൂണിവേഴ്സൽ പെറ്റീറ്റിൽ കിരീടം നേടുന്ന ആദ്യ ഇന്ത്യക്കാരിയായത്

✔ ഡോ. ശ്രുതി ഹെഗ്ഡെ

⇨ 2024 ജൂലൈയിൽ യു.എസ്സ്. വൈസ് പ്രസിഡന്റ് തിരഞ്ഞെടുപ്പിനുള്ള റിപ്പബ്ലിക്കൻ പാർട്ടിയുടെ സ്ഥാനാർത്ഥിയായി പ്രഖ്യാപിക്കപ്പെട്ടത്

✔ ജെ.ഡി. വാൻസ്

⇨ ഹൃദ്രോഗചികിത്സയുമായി ബന്ധപ്പെട്ട് കൊറോണറി ധമനികളിൽ പരിക്കുകൾ ഉണ്ടാക്കാത്തതും രക്തയോട്ടം തടസ്സപ്പെടുത്താത്ത തുമായ നൂതന സ്റ്റെന്റ് വികസിപ്പിച്ചത്

✔ ശ്രീചിത്ര ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസ് ആന്റ് ടെക്നോളജി, തിരുവനന്തപുരം

- ടൈറ്റാനിയം നൈട്രൈഡ് ആവരണത്തോടെ നിർമ്മിക്കപ്പെട്ട പുതിയ സ്റ്റെന്റിന്റെ കണ്ടുപിടിത്തം കേന്ദ്ര സർക്കാരിന്റെ ഏജിസ് ഗ്രഹാം ബെൽ പുരസ്കാരത്തിനും അർഹമായി.

⇨ ഹ്രസ്വകാലത്തെ സേവനത്തിനുശേഷം വിരമിക്കുന്ന അഗ്നിവീറുകൾക്ക് പോലീസ്, ജയിൽ, വനം വകുപ്പുകളിൽ 10% സംവരണം പ്രഖ്യാപിച്ച സംസ്ഥാനം

✔ ഹരിയാന

⇨ 2024 ജൂലൈയിൽ നഗരപ്രദേശങ്ങളിലെ നക്സൽ ആക്രമണങ്ങളെ ചെറുക്കുന്നതിനായി സ്പെഷ്യൽ പബ്ലിക് സെക്യൂരിറ്റി ബിൽ അവതരിപ്പിച്ച സംസ്ഥാനം

✔ മഹാരാഷ്ട്ര

⇨ 2024 ജൂലൈയിൽ സുപ്രീം കോടതിയിലെ പുതിയ ജഡ്ജിമാരായി നിയമിതരായത്

✔ ജസ്റ്റിസ് ആർ. മഹാദേവൻ, ജസ്റ്റിസ് എൻ. കോടീശ്വർ സിങ്

- സുപ്രീം കോടതി ജഡ്ജിയാകുന്ന ആദ്യ മണിപ്പൂർ സ്വദേശിയാണ് ജസ്റ്റിസ് എൻ. കോടീശ്വർ സിങ്.

⇨ 2024 ജൂലൈയിൽ കാർഷികമേഖലയിലെ നൂതന സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി കേന്ദ്ര സർക്കാർ ആരംഭിച്ച ധനസഹായ പദ്ധതി

✔ അഗ്രിഷുവർ (AgriSURE - Agri Fund for Start-Ups & Rural Enterprises)

CAREER GUIDANCE BUREAU

കരിയർ ഗൈഡൻസ് ബ്യൂറോ
ആറ്റിങ്ങൽ & തമ്പാനൂർ ✆ 8590 333 999